2017-18 ലെ സംരക്ഷിതാധ്യാപകരുടെ പുനർവിന്യാസ പ്രവർത്തനങ്ങൾ സംബന്ധിച്ച സമയക്രമം ഒരിക്കൽകൂടി -

| | |
|---|---|
| ജൂലൈ 3-9<br>(എ.ഇ.ഒ/ഡി.ഇ.ഒ തലം) | • നിലവിലുള്ള അധ്യാപകബാങ്കിൽ എ.ഇ.ഒ/ഡി.ഇ.ഒ മാർ ഒഴിവാക്കൽ / കൂട്ടിച്ചേർക്കൽ/എഡിറ്റിംഗ് നടത്തി ലിസ്റ്റ് പരിഷ്കരിക്കുന്നു.<br>• ഉപജില്ലയിൽ / ജില്ലയിൽ സംരക്ഷിതജീവനക്കാരെ പുനർവിന്യസിക്കുന്നതിനു ലഭ്യമായ ഒഴിവുകൾ ശേഖരിക്കുന്നു. ( സൂചന 2 ലെയും 3 ലെയും ഉത്തരവുകൾ പ്രകാരമുള്ളത്)<br>• തസ്തിക നഷ്ടമായ റഗുലർ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ ലിസ്റ്റ് തയ്യാറാക്കുന്നു. (എക്സൽ ഷീറ്റ്)<br>• ജില്ലയിലെ/ഉപജില്ലയിലെ സംരക്ഷിത ജീവനക്കാരുടെ ലിസ്റ്റ് ടൈപ്പ് ചെയ്യുന്നു (10.02.2017 ലെ കത്തും അതിനോടൊപ്പം നൽകിയ മാതൃകാഫോറവും കാണുക) |
| ജൂലൈ 10-11<br>(ഡി.ഡി.ഇ തലം) | • വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഓരോ ഉപജില്ലയിലെയും, ജില്ലയിലെയും ലിസ്റ്റ് (അധ്യാപകബാങ്ക്) പരിശോധിച്ചു കൺഫേം ചെയ്യുന്നു.<br>• റവന്യൂ ജില്ലയിൽ സംരക്ഷിതജീവനക്കാരെ പുനർവിന്യസിക്കുന്നതിനു ലഭ്യമായ ഒഴിവുകൾ ശേഖരിക്കുന്നു.<br>• ഡി.പി.ഒ യിൽ നിന്ന് ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരുടെ ഒഴിവുകളും ശേഖരിക്കുന്നു. (ഇതിന് ഇപ്പോൾ തന്നെ കത്ത് നൽകണം). |
| ജൂലൈ 12-13<br>(ഡി.ഡി.ഇ തലം) | • റവന്യൂ ജില്ലയ്ക്കുള്ളിൽ പുനർവിന്യസിക്കുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി ഉത്തരവിന്റെ നക്കൽ ടൈപ്പ് ചെയ്യുന്നു.<br>• ബാക്കിയുള്ള ഒഴിവുകളുടെ വിവരങ്ങളും, ജില്ലയിൽ പുനർവിന്യസിക്കപ്പെടാത്ത അധ്യാപക-അനധ്യാപകരുടെ വിവരങ്ങളും തയ്യാറാക്കുന്നു.<br>• റവന്യൂ ജില്ലയിലെ അധ്യാപക ബാങ്ക് ടൈപ്പ് ചെയ്യുന്നു (ഹാർഡ് കോപ്പി) |
| ജൂലൈ 14<br>(രാവിലെ 10 മണി)<br>(ഡി.ഡി.ഇ തലം) | • റവന്യൂ ജില്ലയിൽ പുനർവിന്യസിക്കുന്നവരെ സംബന്ധിച്ച ഉത്തരവ് പ്രസിദ്ധീകരിക്കുന്നു.<br>• ബാക്കിയുള്ള ഒഴിവുകളുടെ വിവരങ്ങളും, ജില്ലയിൽ പുനർവിന്യസിക്കപ്പെടാതെ അവശേഷിക്കുന്ന അധ്യാപക,അനധ്യാപകരുടെ വിവരങ്ങളും ഡയറക്ടറേറ്റിലേക്ക് അയക്കുന്നു. |
| ജൂലൈ 14<br>(വൈകിട്ട് 3 മണി)<br>(ഡി.പി.ഐ തലം) | • ഇതര ജില്ലകളിലെ ഒഴിവുകളിലേക്ക് നിശ്ചിത എണ്ണം ജീവനക്കാരെ പുനർവിന്യസിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ഡയറക്ടർ ഉത്തരവ് നൽകുന്നു. |

